തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 1042/2024/ഡി2/അഡ്മിൻ

09.05.2024

## ടെണ്ടർ നോട്ടീസ്

**തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - യു.പി.എസ്. ബാറ്ററി ബൈബാക്ക് വ്യവസ്ഥയിൽ വിതരണം ചെയ്യുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുന്നു**

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയിലെ ലൈബ്രറി ബ്ലോക്കിലെ സെർവർ മുറിയിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന 8 വർഷത്തോളം പഴക്കമുള്ള 24 എണ്ണം 65AH യു.പി.എസ്. ബാറ്ററികൾ തിരിച്ചെടുത്ത്, 24 എണ്ണം 65AH ലിഥിയം ബാറ്ററികൾ വിതരണം ചെയ്ത് സ്ഥാപിച്ച് യു.പി.എസ്. പ്രവർത്തനക്ഷമമാക്കുന്നതിന് താഴെ പറയുന്ന നിബന്ധനകളോടെ അംഗീകൃത വിതരണക്കാരിൽ/ സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

നിബന്ധനകൾ

1. നികുതി,ഇൻസ്റ്റലേഷൻ ചാർജ് എന്നിവയടക്കമുള്ള വിലയാണ് ക്വാട്ടു ചെയ്യേണ്ടത്. തിരിച്ചെടുക്കുന്ന ബാറ്ററികളുടെ വില പ്രത്യേകം കാണിക്കുകയും, അതു കുറച്ചതിനുശേഷം സ്ഥാപനത്തിന് ലഭിക്കേണ്ട നികുതിയടക്കമുള്ള വിലയായിരിക്കണം ടെണ്ടറിൽ കാണിക്കേണ്ടത്.

2. ബാറ്ററിയുടെ ബ്രാൻഡ്, വാറണ്ടി കാലാവധി എന്നിവ കാണിച്ചിരിക്കണം. ഏറ്റവും കുറഞ്ഞത് രണ്ട് (2) വർഷത്തെ ഓൺസൈറ്റ് വാറണ്ടി ഉണ്ടായിരിക്കണം.

3. ഒരു ബ്രാന്റ് മാത്രമേ ഒരു ടെണ്ടറിൽ ക്വാട്ടു ചെയ്യാൻ പാടുള്ളു.

4. ബാറ്ററിയുടെ സർവീസുകൾ പരാതി ലഭിച്ച് 24 മണിക്കൂറിനുള്ളിൽ പരിഹരിച്ചിരിക്കണം.

5. ബാറ്ററി ഉൽപാദകരിൽനിന്നുള്ള ഡീലർഷിപ്പ് സർട്ടിഫിക്കറ്റ് ടെണ്ടറിനൊപ്പം ഹാജരാക്കണം.

6. ബാറ്ററിയുടെ പ്രവർത്തനം മോശമെങ്കിൽ അവ എത്രയും പെട്ടെന്ന് മാറ്റി പകരം പുതിയ ബാറ്ററികൾ വിതരണം ചെയ്യേണ്ടതാണ്. അത്തരം അവസരത്തിൽ ബാറ്ററിയുടെ വാറണ്ടി, ബാറ്ററി മാറ്റിയ ദിവസം മുതലായിരിക്കും കണക്കാക്കുക.

7. ടെണ്ടറുകൾക്ക് ഒരു വർഷത്തെ കാലാവധി ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ ക്വാട്ടു ചെയ്യുന്ന നിരക്കുകൾ ഒരു വർഷത്തേയ്ക്ക് ബാധകമായിരിക്കുന്നതാണ്.

8. ബാറ്ററികൾ വിതരണം ചെയ്ത് ഘടിപ്പിച്ച യു.പി.എസിന്റെ പ്രവർത്തനം പരിശോധിച്ച് തൃപ്തികരമായതിന്റെ ശേഷം മാത്രമേ തുക അനുവദിക്കുകയുള്ളു.

9. കാരണമൊന്നും കാണിക്കാതെ തന്നെ ടെണ്ടറുകൾ നിരസിക്കുന്നതിനുള്ള അധികാരം വൈസ്ചാൻസലറിൽ നിക്ഷിപ്തമായിരിക്കും.

മേൽ കാണിച്ച നിബന്ധനകൾ പാലിച്ചുകൊണ്ട് ബാറ്ററികൾ വിതരണം ചെയ്തു കൊള്ളാമെന്നുള്ള സത്യപ്രസ്താവന ടെണ്ടറിനൊപ്പം വെച്ചിരിക്കണം. സർവകലാശാലയുടെ പേരിലെടുത്ത ഡിമാന്റ് ഡ്രാഫ്റ്റായി വിലയുടെ 1% (1500/- രൂപയിൽ കുറയാത്ത സംഖ്യ) തുക നിരതദ്രവ്യമായി ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. മലയാള സർവകലാശാല അക്കൗണ്ടിൽ മാറാവുന്ന ആനുപാതിക തുകയുടെ നിരതദ്രവ്യം സഹിതമുള്ള മുദ്ര വച്ച ടെണ്ടറുകൾ **28.05.2024 ന് ഉച്ചയ്ക്ക് 2 മണിക്ക്** മുമ്പായി സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം.

"<u>യു.പി.എസ്. ബാറ്ററികൾ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ</u>" എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ടെണ്ടറുകൾ അന്ന് 3 മണിക്ക് തന്നെ തുറക്കുന്നതും, ഏറ്റവും കുറവ് സംഖ്യ ക്വാട്ട് ചെയ്ത സ്ഥാപനത്തിന് കരാർ ഉറപ്പിച്ച് നൽകുന്നതുമാണ്. ടെണ്ടറുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും. കരാർ ലഭിക്കുകയാണെങ്കിൽ അനുമതി കത്ത് ലഭിച്ച് ഒരാഴ്ചയ്ക്കകം യു.പി.എസ്. ബാറ്ററികൾ വിതരണം ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

രജിസ്ട്രാർ ഇൻ ചാർജ്

വി.സി. കാര്യാലയം/പി.എ.ടു രജിസ്ട്രാർ/
മലയാളസർവ്വകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/ഫ്രണ്ട് ഓഫീസ്/
മലയാളസർവ്വകലാശാല വെബ്സൈറ്റ്/ഫിനാൻസ് വിഭാഗം/പരിസ്ഥിതിപഠന സ്കൂൾ ഡയറക്ടർ/
തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/എസ്റ്റേറ്റ് ഓഫീസർ/
നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/ആഫീസ് രേഖ/കരുതൽ രേഖ

തിരൂർ
മലപ്പുറം